# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P10) 900/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 11/07/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ
കാര്യാലയ പകർപ്പ്

നമ്പർ: KSA TSR (P10) 900/2024 തീയ്യതി: 11/07/2024

# തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 04-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ (ജോയിന്റ് ഡയറക്ടർ-ഇൻചാർജ്) | 12-06-2024 | 19-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-06-2024 | 19-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ബേബി.പി.വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രവിദ.പി.എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രേഖ. ഇ.സി, ഓഡിറ്റർ
ശ്രീ. കൃഷ്ണരാഹുൽ.എം.ടി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വേണു കണ്ടരുമഠത്തിൽ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| രാധാമണി ടി. സി. | സെക്രട്ടറി | 01-04-2023 | 03-07-2023 |
| പ്രദീപ് പി. ജി. | സെക്രട്ടറി | 04-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലാൽസുന | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ജോബിൻ ജോസ് സാമുവൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 11-05-2023 |
| അനൂപ് പി. എൻ (ഇൻചാർജ്ജ്) | അസിസ്റ്റന്റ് എഞ്ചിനീയർ | 12-05-2023 | 03-07-2023 |
| ഷിജി ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 04-07-2023 | 31-03-2024 |
| ലിസ്സി പി. ഡി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ഡോ. സജീവൻ കെ. എം. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 25-06-2023 |
| ഡോ. രാജീവ് ആർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 26-06-2023 | 31-03-2024 |
| സുരജ | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| സൗമ്യ വർഗ്ഗീസ് | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2023 | 15-08-2023 |
| നിഷ എം. | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 16-08-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഷേർളി എം. പി. | ഐ.സി.ഡി.എസ് അഡീഷണൽ | 01-04-2023 | 31-03-2024 |
| സെബിൻ പി. എഫ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| മിനി ഇ | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| പ്രതീഷ് പി ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | B-3 Capital Contribution ഷെഡ്യൂളിൽ തൻവർഷം സൃഷ്ടിച്ച ആസ്തികളുടെ മൂല്യം കൂട്ടിച്ചേർത്ത് കാലികമാക്കിയിട്ടില്ല. | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല | 1-1-6 |
| 8 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-8 |
| 10 | വാർഷിക കണക്കുകളിലെ അസാധാരാണ നീക്കിയിരിപ്പ് | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-5 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 16 | ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നു. | 1-7 |
| 17 | സി.എച്ച്.സി.എലിഞ്ഞിപ്ര - ഇന്ധനച്ചെലവ്- മൈലേജ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 1-8 |
| 18 | എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ് | 1-9 |
| 19 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-10 |
| 20 | സോളാർ പാനൽ മാറ്റി സ്ഥാപിക്കൽ -വൈദ്യുതോല്പാദനം തുടങ്ങിയിട്ടില്ല | 1-11 |
| 21 | മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ നടപ്പാക്കിയില്ല | 1-12 |
| 22 | ഇ -ടെണ്ടർ ഫി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-13 |
| 23 | മരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭിച്ച കുഴിച്ചെടുത്ത മണ്ണിന്റെ ലേല നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 24 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടം പൊളിച്ചുമാറ്റിയിട്ടില്ല | 1-15 |

| | | |
|---|---|---|
| 25 | പി.എം.എ.വൈ പ്രോജക്ടിൽ കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതമായി വിതരണം ചെയ്ത തുകകൾ സുലേഖ പത്രികകളിലെ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല | 1-16 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് തൻ വർഷം ലഭിച്ച ഫണ്ടുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നവയുടെ വിവരങ്ങൾ | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകകൾ വിനിയോഗിക്കാൻ അവശേഷിക്കുന്നവയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}(ഓഡിറ്റ് എൻക്വയറി നമ്പർ 07/19.06.2024).

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 08.05.2024 ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 28.05.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ

വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 09.07.2024**

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ബ്ലോക്ക് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-3 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വാടകയിനത്തിൽ ₹2,91,450 കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 36,09,645 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ " Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 23,48,976 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-5 B-3 Capital Contribution ഷെഡ്യൂളിൽ തൻവർഷം സൃഷ്ടിച്ച ആസ്തികളുടെ മൂല്യം കൂട്ടിച്ചേർത്ത് കാലികമാക്കിയിട്ടില്ല.**

31/03/2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (9,12,74,038 രൂപ) 31/03/2024 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

**1-1-6 അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല**

ബാലൻസ് ഷീറ്റ് B-18 പ്രകാരം 1,81,419/- രൂപ Advance To Implementing Agencies എന്നയിനത്തിൽ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് നൽകിയതിൽ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലും ഇതേ തുക തന്നെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ മുൻബാക്കിയായി ഈ തുക രേഖപ്പെടുത്തിയിരിക്കുന്നതല്ലാതെ ആയതിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**1-1-7 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യു വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

**1-1-8 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം 410300301 - Culverts എന്നയിനത്തിൽ 7,93,750/- രൂപയുടെ ആസ്തി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-9 വാർഷിക കണക്കുകളിലെ അസാധാരാണ നീക്കിയിരിപ്പ്.**

വാർഷിക കണക്കുകളിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ നെഗറ്റീവ് തുകകളാണ് വന്നിട്ടുള്ളത്.

| ക്രമ | പത്രിക | ഷെഡ്യൂൾ | ശീർഷകം | തുക |
|---|---|---|---|---|

| നം | | | | |
|---|---|---|---|---|
| 1 | R & P | RP-34 (Receipt) | 340100203 – Bidders Security Deposit | (36,334) |
| 2 | R & P | RP-47(Payment) | 460100199 – Other Advances | (3,54,773) |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 27/03/2023 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 328229236 | 319181823 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തീയതി | 01/02/2024 | |
| കമ്മിറ്റി തീരുമാനം | 3 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 325663985 | 316668290 |

## 1-3 ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 31111155 | 31111155 | 22598950 | 8512205 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 16026399 | 16026399 | 10593912 | 5432487 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 2530446 | 2530446 | 1481000 | 1049446 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 3911000 | 3911000 | 8596880 | -4685880 |
| ധനകാര്യ | 0 | 5215000 | 5215000 | 5126533 | 88467 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് | | | | | |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി ത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 142 | 140330924 | 102 | 55108720 | 39.27% | 71.83% |

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 18.06.2024 തീയതി 2:45 PM ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-7 ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നു.

ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 16 കെട്ടിടമുറികൾ നിലവിലുണ്ട്. ആയതിൽ 11 കെട്ടിടമുറികൾ 2023-24 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

*** ഓഡിറ്റ് വർഷം വാടക കുടിശ്ശിക നാളിതുവരെയായിട്ടും അടവാക്കിയിട്ടില്ല.**

2023-24 സാമ്പത്തിക വർഷത്തിലെ വാർഷികകണക്ക് പരിശോധിച്ചതിൽ നിന്നും തൻവർഷം 33,480 രൂപയും കുടിശ്ശിക യിനത്തിൽ 2,91,450 രൂപയും കുടിശ്ശികയുണ്ട്. നിലവിൽ മൂന്ന് കെട്ടിട മുറികളിൽ നിന്നും വാടക കുടിശ്ശിക നിലനിൽക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കൂവക്കാട്ടുക്കുന്ന് വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിട നം.9/142/B ൽ പ്രവർത്തിച്ച് കൊണ്ടിരുന്ന പ്ലാസ്റ്റിക് യൂണിറ്റ് സ്ഥാപനം പ്രവർത്തനരഹിതമായതിനെത്തുടർന്ന് 2020 മുതൽ കടമുറി ഒഴിഞ്ഞ് കിടക്കുന്നു. എന്നാൽ വാടക കുടിശ്ശിക തുകയായ 2,47,450/- രൂപ നാളിതുവരെയായിട്ടും അടവാക്കിയിരുന്നില്ല. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക അടവാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂവക്കാട്ടുക്കുന്ന് വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിട നം.9/142/A യിൽ നിന്നും അനക്സ് ബിൽഡിങ്ങിലെ കെട്ടിട നം.XXI/417 C യിൽ നിന്നും കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടം | കുടിശ്ശിക വിവരം |
|---|---|---|

| | | |
|---|---|---|
| 1 | അനക്സ് ബിൽഡിങ്ങ് – XXI/417 C | 33,480/- (തൻ വർഷം) |
| 2 | 9/142/A – കൂവക്കാട്ടുക്കുന്ന് വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 44,000/- (മുൻ വർഷം) |

*** 2023-24 ലെ കെട്ടിടമുറികൾ വാടകയ്ക്കു നൽകാതെ ഒഴിഞ്ഞ് കിടക്കുന്നു.**

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന കെട്ടിടമുറികൾ വാടകയ്ക്കു നൽകാതെ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തൻവർഷം തന്നെ മൂന്ന് സ്ഥാപനങ്ങൾ കെട്ടിടമുറികൾ ഒഴിഞ്ഞ് പോയിട്ടുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/19.06.2024) മറുപടി ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | കെട്ടിടം നമ്പർ | കാലയളവ് |
|---|---|---|
| 1 | അനക്സ് ബിൽഡിങ്ങ് 21/417/E | 12/21 മുതൽ |
| 2 | അനക്സ് ബിൽഡിങ്ങ് 21/417/G | 08/23 മുതൽ |
| 3 | അനക്സ് ബിൽഡിങ്ങ് 21/417/H | 07/23 മുതൽ |
| 4 | അനക്സ് ബിൽഡിങ്ങ് 21/417/J | 02/24 മുതൽ |
| 5 | 4/360/A അന്നനാട് | 07/23 മുതൽ |
| 6 | 9/142/A കൂവക്കാട്ടുക്കുന്ന് വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 07/20 മുതൽ |
| 7 | 9/142/B കൂവക്കാട്ടുക്കുന്ന് വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | - |
| 8 | 35/182 പോട്ട വനിത ഹോസ്റ്റൽ | 2018 പ്രളയശേഷം |

കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനും നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 സി.എച്ച്.സി.എലിഞ്ഞിപ്ര - ഇന്ധനച്ചെലവ് - മൈലേജ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ | മെഡിക്കൽ ഓഫീസർ, |

| | |
|---|---|
| ഉദ്യോഗസ്ഥൻ | സി.എച്ച്.സി എലിഞ്ഞിപ്ര |
| പ്രൊജക്ട് നം. | 132/24 |
| പ്രൊജക്ടിന്റെ പേര് | സി.എച്ച്.സി എലിഞ്ഞിപ്ര കണ്ടിജൻസി ചെലവുകൾ |
| അടങ്കൽ | ₹8,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹5,77,130 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| വൗച്ചർ നം./തീയതി/തുക | 22300321/ 17-Aug-2023/ 19,042.00 |
| | 22300207/ 14-Jul-2023/ 68,549.00 |
| | 22300206/ 25-Jul-2023/ 9,125.00 |
| | 22300484/ 19-Sep-2023/ 9,450.00 |
| | 22300270/ 29-Jul-2023/ 18,361.00 |
| | 22300274/ 14-Aug-2023/ 25,875.00 |
| | 22300490/ 6-Oct-2023/ 8,301.00 |
| | 22300342/ 2-Sep-2023/ 6,386.00 |
| | 22300493/ 11-Oct-2023/ 12,460.00 |
| | 22300485/ 25-Sep-2023/ 8,731.00 |
| | 22300486/ 29-Sep-2023/ 8,802.00 |
| | 22300491/ 06-Oct-2023/ 9,450.00 |
| | 22300492/ 11-Oct-2023/ 3,038.00 |
| | 22300496/ 1-Nov-2023/ 20,798.00 |
| | 22300514/ 13-Nov-2023/ 35,600.00 |
| | 22300495/ 26-Oct-2023/ 13,718.00 |
| | 22300512/ 7-Nov-2023/ 8,002.00 |
| | 22300515/ 13-Nov-2023/ 9,231.00 |
| | 22300611/ 12-Dec-2023/ 14,872.00 |
| | 22300519/ 20-Nov-2023/ 4,255.00 |
| | 22300615/ 18-Dec-2023/ 6,230.00 |
| | 22300587/ 23-Nov-2023/ 33,305.00 |
| | 22300605/ 5-Dec-2023/ 26,327.00 |
| | 22300613/ 18-Dec-2023/ 3,250.00 |
| | 22300722/ 30-Dec-2023/ 15,405.00 |
| | 22300620/ 23-Dec-2023/ 17,604.00 |
| | 22300719/ 27-Dec-2023/ 13,079.00 |
| | 22300727/ 5-Jan-2024/ 10,896.00 |
| | 22300741/ 11-Jan-2024/ 7,531.00 |
| | 22300745/ 18-Jan-2024/ 26,005.00 |
| | 22300746/ 18-Jan-2024/ 1,450.00 |
| | 22300953/ 22-Feb-2024/ 6,336.00 |
| | 22300928/ 05-Feb-2024/ 14,386.00 |
| | 22300952/ 21-Feb-2024/ 8,823.00 |
| | 22300961/ 6-Mar-2024/ 6,630.00 |
| | 22300959/ 1-Mar-2024/ 20,668.00 |

| | |
|---|---|
| | 22300962/ 12-Mar-2024/ 5,947.00 |
| | 22300963/ 15-Mar-2024/ 15,872.00 |
| | 22301003/ 19-Mar-2024/ 18,750.00 |
| | 22301005/ 19-Mar-2024/ 4,590.00 |

ഓഫീസ് ചെലവുകളിൽ KL 08 BX 4839 നമ്പർ വാഹനത്തിന് ഇന്ധനം നിറച്ച വകയിലുള്ള 69,331/- രൂപയും ഉൾപ്പെടുന്നു. ഇന്ധനച്ചെലവ് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ | തുക അനുവദിച്ച സ്ഥാപനത്തിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | അനുവദിച്ച തുക ₹ |
|---|---|---|---|---|
| 1 | ക്രമനമ്പർ 1-ലെ ബില്ലിൽ ഉൾപ്പെട്ടത്. | ബ്രോഡ് വേ ഓട്ടോ സർവീസസ്, ചാലക്കുടി | 913020052846851 | 15260 |
| 2 | ക്രമനമ്പർ 2-ൽ ഉൾപ്പെട്ടത്. | | | 2905 |
| 3 | ക്രമനമ്പർ 3-ൽ ഉൾപ്പെട്ടത്. | | | 2421 |
| 4 | ക്രമനമ്പർ 4-ൽ ഉൾപ്പെട്ടത്. | | | 6294 |
| 5 | ക്രമനമ്പർ 9-ൽ ഉൾപ്പെട്ടത്. | | | 7262 |
| 6 | ക്രമനമ്പർ 14-ൽ ഉൾപ്പെട്ടത്. | | | 3873 |
| 7 | ക്രമനമ്പർ 19-ൽ ഉൾപ്പെട്ടത്. | | | 2905 |
| 8 | ക്രമനമ്പർ 21-ൽ ഉൾപ്പെട്ടത്. | | | 3873 |
| 9 | ക്രമനമ്പർ 22-ൽ ഉൾപ്പെട്ടത്. | | | 3873 |
| 10 | ക്രമനമ്പർ 24-ൽ ഉൾപ്പെട്ടത്. | | | 2905 |
| 11 | ക്രമനമ്പർ | | | 2905 |

| | | | |
|---|---|---|---|
| | 27-ൽ ഉൾപ്പെട്ടത്. | | |
| 12 | ക്രമനമ്പർ 28-ൽ ഉൾപ്പെട്ടത്. | | 2905 |
| 13 | ക്രമനമ്പർ 32-ൽ ഉൾപ്പെട്ടത്. | | 2905 |
| 14 | ക്രമനമ്പർ 34-ൽ ഉൾപ്പെട്ടത്. | | 2905 |
| 15 | ക്രമനമ്പർ 36-ൽ ഉൾപ്പെട്ടത്. | | 6140 |
| | ആകെ | | 69,331 |

പ്രസ്തുത വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/19.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധവർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല. ഇക്കാര്യത്തിൽ 30/08/08 തിയ്യതിയിലെ നമ്പർ 170/07 /ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-9 എച്ച്.എം.സി വാർഷികകണക്കുകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ. 03.12.2004 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള, താഴെ ചേർക്കുന്നതു പ്രകാരമുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2022-23 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| സി.എച്ച്.സി, എലിഞ്ഞിപ്ര | 2004 | 2004-05 മുതൽ 2022-23 വരെയുള്ളത് |

## 1-10 വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വൗച്ചർ | | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| | | | നമ്പർ | തുക (₹) | |
| 1 | 2/24 | ഐ.കെ.എം. വിഹിതം നല്കൽ | 22300084/11.05.2023 (വികസനഫണ്ട്, ജനറൽ) | 69,583 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം |
| 2 | 6/24 | കാൻ തൃശൂർ- ജില്ലാ പഞ്ചായത്തിന് വിഹിതം | 22300900/25.01.2024-23732 22300912/30.01.2024-12190 22300938/07.02.2024-35248 (വികസനഫണ്ട്, ജനറൽ) | 71,170 | തൃശൂർ ജില്ലാ പഞ്ചായത്ത് |
| 3 | 20/24 | മംഗലശ്ശേരി കോളനി ഒ.എൽ.എച്ച് കുടിവെള്ള പദ്ധതി വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം സ്ഥാപിക്കൽ -വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ കൊരട്ടി ജിപി വാർഡ് 11 | 22300710/31.01.2024-450000, 22300713/31.01.2024-50000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 5,00,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ, ഇരിങ്ങാലക്കുട |
| 4 | 22/24 | കുരിയാംപറമ്പ് എസ്.സി കോളനി ഒ.എൽ.എച്ച് കുടിവെള്ള പദ്ധതി വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം സ്ഥാപിക്കൽ -വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ കൊരട്ടി ജിപി | 22300711/31.01.2024-450000, 22300714/31.01.2024-50000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 5,00,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ, ഇരിങ്ങാലക്കുട |
| 5 | 138/24 | മൂഴിക്കടവ് എൽ ഐ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ മെയിന്റനൻസ് കാടുകുറ്റി ഗ്രാമപഞ്ചായത്തിന് വിഹിതം | 22300966/06.11.2023 (വികസനഫണ്ട്, ജനറൽ) | 1,60,000 | കാടുകുറ്റി ഗ്രാമപഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 6 | 167/24 | ഗംഗാധരൻ റോഡ് കൊരട്ടി പഞ്ചായത്തിന് വിഹിതം | 22300902/11.12.2023-1,11,302 (വികസനഫണ്ട്, ജനറൽ) | 1,11,302 | കൊരട്ടി ഗ്രാമപഞ്ചായത്ത് |

നിർവ്വഹണ ഏജൻസികളിൽ നിന്ന് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 2/15.06.2024).

## 1-11 സോളാർ പാനൽ മാറ്റി സ്ഥാപിക്കൽ -വൈദ്യുതോല്പാദനം തുടങ്ങിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര് : 174/24 -ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ സോളാർ പാനൽ മാറ്റി സ്ഥാപിക്കൽ
ഫണ്ട്- വികസനഫണ്ട്, ജനറൽ
അടങ്കൽ- 170000/- (വികസനഫണ്ട്, ജനറൽ)
ചെലവ് – 160500/- (വൗച്ചർ നം. – 22300616/20.12.2023 – 46000, 22301112/24.3.2024 – 98500, 22301116/24.3.2024 – 16000)

